## അവകാശലംഘന പ്രശ്നങ്ങൾ

I. **പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കായി റഫർ ചെയ്തിട്ടുള്ള അവകാശലംഘന നോട്ടീസ്**

മി. സ്പീക്കർ: 2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജകമണ്ഡലത്തിലെ 'നവകേരള സദസ്സ്' എന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളംതെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡിവൈ.എസ്.പി. സലീഷ് എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടക സമിതി ചെയർമാനായിരുന്ന ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതിയിന്മേൽ ആഭ്യന്തര വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ട് തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 20-06-2024-ൽ റഫർ ചെയ്തിട്ടുണ്ട്.

II. <u>ചെയറിന്റെ പരിഗണനയിലുള്ള അവകാശലംഘന പ്രശ്നങ്ങൾ</u>

1) പതിനഞ്ചാം കേരള നിയമസഭയുടെ 11-ാം സമ്മേളന കാലയളവിൽ 10-06-2024-ന് 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കാതെ സഭ ചർച്ച കൂടാതെ പാസ്സാക്കിയ വിഷയത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മാധ്യമങ്ങളോട് പ്രതിപക്ഷത്തിന്റെ സമ്മതത്തോടുകൂടിയാണ് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാത്തതെന്ന വസ്തുതാവിരുദ്ധമായ പ്രസ്താവന നടത്തിയെന്നും ആയതിനാൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. 19-06-2024-ന് സമർപ്പിച്ച നോട്ടീസ്.

2) 15-ാം കേരള നിയമസഭയുടെ 11-ാം സമ്മേളന കാലയളവിൽ 03-07-2024-ന് രാത്രി ശ്രീകാര്യം പോലീസ് സ്റ്റേഷനുമുമ്പിൽ സമാധാനപരമായ

പ്രതിഷേധ നടപടികളുമായി തുടർന്ന തനിക്കും കൂട്ടർക്കുമെതിരെ എസ്.എഫ്.ഐ. പ്രവർത്തകരുടെ അക്രമണമുണ്ടായപ്പോൾ സംഭവ സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ അക്രമണം തടയാൻ യാതൊരു ശ്രമവും നടത്താതെ കൃത്യനിർവഹണത്തിൽ ഗുരുതരമായി വീഴ്ചവരുത്തിയതും വസ്തുതകളെ വളച്ചൊടിച്ച് തനിക്കെതിരെ കേസെടുത്തതും നിയമസഭാംഗമെന്ന നിലയിൽ തനിക്ക് ലഭിക്കേണ്ട അവകാശങ്ങളുടെ ലംഘനമായി കണക്കാക്കി പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ. 04-07-2024-ന് സമർപ്പിച്ച നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.